പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8010 24.07.2012 -ലെ മറുപടി

**കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദീകരിക്കാമോ; | (എ) | പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് യാതൊരുവിധമുള്ള മാനദണ്ഡവും കണക്കാക്കാതെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നുണ്ട്. സർക്കാർ/അർദ്ധ സർക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.റ്റി.സി., റ്റി.റ്റി.സി. മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സ്ഥാപനത്തിൽ നിന്നും നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കോഴ്സിന്റെ കാലാവധി അവസാനിക്കുന്നതുവരെ യാത്രാ സൗജന്യം നൽകുന്നുണ്ട്. കൺസഷൻ ടിക്കറ്റ് ഉപയോഗിച്ചുള്ള യാത്ര പരമാവധി 40 കിലോമീറ്റർ വരെയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന പാഠ്യവിഷയമുള്ള പഠന സ്ഥാപനം വാസസ്ഥലത്തു നിന്നും 40 കിലോമീറ്റർ ചുറ്റളവിൽ ഇല്ലായെങ്കിൽ ദൂരപരിധി മാനദണ്ഡമാക്കാതെ കൺസഷൻ ടിക്കറ്റ് അനുവദിക്കാറുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ ഓരോ ഡിപ്പോയിൽ നിന്നും എത്ര കൺസഷൻ പാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്; | (ബി) | മലപ്പുറത്തു നിന്നും 663, പൊന്നാനിയിൽ നിന്നും 157, പെരിന്തൽമണ്ണയിൽ നിന്നും 308ഉം, കൺസഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. നിലമ്പൂരിൽ കൺസഷൻ ടിക്കറ്റ് വിതരണ കൗണ്ടർ നിലവിൽ ഇല്ല. |
| (സി) | വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് ഓരോ ഡിപ്പോയിൽ നിന്നും കൂടുതൽ പാസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സി. യുടെ ഓർഡിനറി സർവ്വീസുകൾ താരതമ്യേന കുറവായതിനാൽ ബസ്സുകളുടെ എണ്ണത്തിനനുസരിച്ചു മാത്രമെ കൺസഷൻ ടിക്കറ്റ് അനുവദിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ